1. ബഹു. ആരോഗ്യ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ്, ആരോഗ്യവകുപ്പ് ഡയറക്ടർ തുടങ്ങിയവരുടെ അഭിമുഖ്യത്തിൽ എല്ലാ മാസവും സ്റ്റേറ്റിൽ നടക്കുന്ന സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്.

2. ജില്ലാതല അവലോകനം ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ നടക്കുന്നു.

3. ബ്ലോക്ക് തലത്തിലും പ്രൈമറി ഹെൽത്ത് സെന്റർ തലത്തിലും പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്.

4. കൂടാതെ സ്കൂൾ ഹെൽത്ത് പ്രോഗ്രാം, കൗമാര ആരോഗ്യ പദ്ധതി എന്നിവയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുമാത്രമായി സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ ജില്ലാതല റിവ്യൂ മീറ്റിംഗ് എല്ലാ മാസവും നടത്തുന്നുണ്ട്.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ

12 (*522) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) സ്വീകരിച്ചുവരുന്നു.

(ബി) തോട്ടങ്ങളുടെ സുഗമമായ പ്രവർത്തനവും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുക എന്നതുമാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനുവേണ്ടി സർക്കാർ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി രൂപീകരിക്കുകയും ആയതിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമാണ്.

ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം

13 (*523) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾഖാദർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷണശാലകൾ പരിശോധിച്ച് ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കുന്നതിൽ ഭക്ഷ്യ സുരക്ഷാ വിഭാഗം പരാജയപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കാമോ;

(ബി) ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകളുടെ ഗുണനിലവാര പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ;

(സി) സാമ്പിളുകൾ സമയബന്ധിതമായി പരിശോധിച്ച് പരിശോധനാഫലം ലഭിക്കാറുണ്ടോ;

(ഡി) ഓപ്പറേഷൻ രുചി എത്ര മാത്രം ഫലപ്രദമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) പരാജയപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട സാമ്പിളുകളും കൂടിവെള്ള സാമ്പിളുകളും പരിശോധിക്കുന്നതിനുമാത്രമായി ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly